# പുന്നെല്ലും പുകക്കുഴലും

ഡോ. എം.ആർ. രാഘവവാരിയർ

ഒരു കുഗ്രാമം. അവിടെ ഒരു റൈസ്മിൽ വരുന്നു; മനുഷ്യപ്രയത്നം ലഘൂകരിക്കപ്പെടുകയാണ്. പഴയ കുററിക്കാടുകൾ വകഞ്ഞു മാററി റോഡ് എത്തുന്നു. പരിഷ്കാരത്തിന്റെ സുഖസൗകര്യങ്ങൾ അങ്ങോട്ടെത്തുകയാണ്. ഈ മാററത്തിന് കുത്തുവിളക്കും കുരവയുമായി വരവേൽപു നൽകേണ്ട തല്ലേ? ഒരു കവി ഇതാ ഇവിടെ മുഖം തിരിച്ച് മുനിഞ്ഞിരുന്നൊരു കവിത കുറിക്കുന്നു. ആ കവിതയിലെ പ്രമേയമോ, നടേ പറഞ്ഞ പരിവർത്തനങ്ങളിൽ തട്ടിയുടഞ്ഞുപോകുന്ന ചില പേലവസങ്കൽപ്പങ്ങളും. കവിവാക്യമായതുകൊണ്ടു ശ്രദ്ധിക്കാതിരിക്കുന്നതെങ്ങനെ? കഥയിതാണ്:

ധനികഗൃഹത്തിലെ നെല്ലുകുത്തുകാരി പാറു ഒരുനാൾ അന്തിക്ക് വീട്ടിലേക്കു മടങ്ങവേ കാട്ടുവഴിയിൽവെച്ച് ഒരു ദുഷ്ടൻ അവളെ പിടികൂടി. അത്താഴക്കഞ്ഞിക്കുള്ള അരി കിഴിക്കെട്ടിയ മേൽമുണ്ടുപോലും വലിച്ചെറിഞ്ഞു വല്ലപാടും അവൾ ഓടി രക്ഷപ്പെട്ടു. അന്ന് അത്താഴപ്പട്ടിണിയായി, പാറുവിന്റെ കുടുംബം. പിറേറന്നു കാലത്ത് വാതിൽ തുറന്നപ്പോൾ കണ്ട കാഴ്ചയോ, തലേന്ന് തന്റെ കയ്യിൽനിന്ന് തട്ടിപ്പറിക്കപ്പെട്ട അരിക്കിഴിയതാ ഉമ്മറപ്പടിമേൽ!

അന്നുതൊട്ട് പാറുവിനു തുണയായി ആങ്ങളയും അവളോടൊപ്പം ചെല്ലും. കാലമങ്ങനെ നീങ്ങി. കള്ളക്കർക്കടകം ദുർഘടങ്ങളുമായി കടന്നുവന്നു. പട്ടിണിയും പരിവട്ടവുമാണെങ്കിലും പാറു പുന്നെല്ലും പുത്തരിയും കിനാക്കണ്ടു നാൾ കഴിച്ചു. പൊന്നും ചിങ്ങവും വന്നു. ഓണത്തിന് യജമാനത്തിയുടെ വീട്ടിൽ ചെന്ന അവൾ കേൾക്കുന്നത് നാളെ മുതൽ നെല്ലുകുത്താൻ ചെല്ലേണ്ട എന്ന വാർത്തയാണ്. കോവിലമ്മ പാറുവിനു ചോറുവിളമ്പി. ചോറാലൊരൊററ വററും അവൾക്കിറങ്ങുന്നില്ല. അന്തിക്കുമുമ്പേ അവൾ മടങ്ങിപ്പോന്നു. വഴിവക്കത്തുണ്ട് നിൽക്കുന്നു ആ പഴയ ചോരക്കണ്ണൻ തടിമാടൻ തട്ടിപ്പറിക്കാരൻ: താങ്ങററു തളർന്ന പാറു അയാളുടെ മാറിലേക്ക് ബോധംകെട്ടു വീണു. ഇതു കഥയുടെ കങ്കാളം. പൗർവാപര്യം മാത്രം നോക്കിയടുക്കിയ സംഭവങ്ങൾ. ഈ സംഭവങ്ങളല്ല, ഇവ കവിമനസ്സിന്റെ വർണസ്ഫടികത്തിലൂടെ പ്രസരിപ്പിക്കുന്ന കിരണങ്ങളാണ് 'നെല്ലുകുത്തികാരി പാറുവിന്റെ കഥ' എന്ന ഇടശ്ശേരിക്കവിത. സംഘട്ടനാത്മകമായ ഒരു കഥയുടെ രൂപത്തിലാണ് കാവ്യബീജങ്ങൾ ഉള്ളിൽ പതിക്കുക പതിവെന്ന് ഇടശ്ശേരി തന്നെ പറഞ്ഞിട്ടുണ്ടല്ലോ. സംഘട്ടനങ്ങളെന്നു വെച്ചാലോ? വാചകപ്പന്തുകൾ അങ്ങോട്ടുമിങ്ങോട്ടുമെറിഞ്ഞു പിടിക്കുന്നതിലെ സംഘട്ടനമൊരുവക; വാക്കുംകഴിഞ്ഞ് കയ്യാങ്കളിയിലേക്ക് കടന്നാലുള്ള സംഘട്ടനമൊന്നു വേറെ. മാധ്യമങ്ങളും പലതാണല്ലോ. ആന്തരികമായ, മാനസികവൈരുധ്യങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളിലാവും ചിലർക്ക് താൽപ്പര്യം. അത്തരക്കാർക്ക് തിമർത്ത് രസിക്കാനുള്ള വക ഇടശ്ശേരിക്കവിതകളിൽ സാമാന്യമായുണ്ട്. നെല്ലുകുത്തുകാരി പാറുവിന്റെ കഥയിൽ വിശേഷിച്ചും.

ആന്തരികസംഘട്ടനമെന്നു പറഞ്ഞല്ലോ. കാണാത്ത മനസ്സിലെ സംഘട്ടനങ്ങളെങ്ങനെ കണ്ടു രസിക്കാനാണ്? 'ചക്കയാണെങ്കിൽ ചൂഴ്ന്നുനോക്കാം' മനുഷ്യനെ വാക്കുകൊണ്ടല്ലേ അറിയാനാവൂ. പ്രവൃത്തികൊണ്ടും? കഥാപാത്രങ്ങളുടെ പ്രവൃത്തികളും അവയെക്കുറിച്ചുള്ള കവിയുടെ സാകൂതമായ വ്യാഖ്യാനങ്ങളും വിവരണങ്ങളും സംവിധാനക്രമങ്ങളും വിടാതെ പിന്തുടരുകയേ ശരണമുള്ളു.

നെല്ലുകുത്തുകാരി പാറുവാണ് ഈ കഥയിലെ കേന്ദ്രബിന്ദു. അവൾമാത്രം താങ്ങായ അവളുടെ അനുജനും രോഗിയായ അമ്മയും ചേർന്ന്, അങ്ങനെ ഒരു രാശി, പാറുവിന് ഏകാവലംബമായ കോവിലമ്മയും അവരുടെ മകനായ കൊച്ചെജമാനനും ചേർന്ന് മറെറാരു രാശി. കാട്ടുവഴിയിൽവെച്ച് അവളെ പിടികൂടുകയും കുതറിയോടിയ അവളുടെ കയ്യിൽനിന്ന് വീണുപോയ അരിക്കിഴി അവളുടെ വീട്ടിന്റെ ഉമ്മറപ്പടിമേൽവെച്ചു മടങ്ങുകയും ചെയ്ത തടിമാടനായ തട്ടിപ്പറിക്കാരൻമാത്രമടങ്ങുന്ന മൂന്നാമതൊരു രാശി കൂടിയുണ്ട്. ഈ മൂന്നുരാശികളേയും പാറു എന്ന കേന്ദ്രബിന്ദുവിനോട് ബന്ധിപ്പിക്കുന്നതാണ് മൂന്നു ഖണ്ഡങ്ങൾ കൂട്ടിപ്പിരിച്ചെടുത്ത കഥാസൂത്രം.

ഈ ഖണ്ഡങ്ങളും പരസ്പരം ദൃഢബദ്ധങ്ങളാണ്. ഒന്നും മൂന്നും ഖണ്ഡങ്ങളിലായി കേന്ദ്രീകരിച്ചിരിക്കുന്നു ഈ കവിതയിലെ ക്രിയാംശം മുഴുവനും. അന്തിക്കു കാട്ടുവഴിയിൽ ഒരു തടിമാടൻ പാറുവെ പിടികൂടുന്നതും കുതറിയോടിയ അവൾ മേൽമുണ്ടുപോലും വലിച്ചെറിഞ്ഞിട്ടേച്ചുപോയി വല്ലപാടും രക്ഷനേടുന്നതുമാണ് ഒന്നാം ഖണ്ഡത്തിലെ സംഭവങ്ങൾ. വിരൂപനും 'തട്ടിപ്പറ'ക്കാരനുമായ ആ തടിമാടൻമൂലം നഷ്ടപ്പെട്ട അരിക്കിഴി പിറേറന്നു രാവിലെ ഉമ്മറപ്പടിമേൽ കണ്ടു എന്നുകൂടി പറഞ്ഞിട്ടേ ആ ഖണ്ഡം അവസാനിപ്പിക്കുന്നുള്ളൂ എന്നോർക്കണം. ഈ തടിമാടന്റെ ചിത്രത്തിനെതി

രെ മററൊരു ചിത്രം ഈ ഖണ്ഡത്തിലുണ്ട്- വാർധക്യത്തിൽ തന്നെ രക്ഷിക്കാനുള്ള തന്റെ കൊച്ചനുജനു മാതൃകയായി അവൾ സങ്കൽപ്പിക്കുന്ന കൊച്ചെജമാനന്റെ ചിത്രം പാറുവിനെ ഇങ്ങോട്ടു കൊതിക്കുന്ന തടിമാടനെതിരെ പാറു അങ്ങോട്ടു കൊതിക്കുന്ന കൊച്ചെജമാനൻ.

രണ്ടാം ഖണ്ഡത്തിൽ ഈ രണ്ടു വിരുദ്ധചിത്രങ്ങൾ ചേർത്തുവെച്ചു കാണിച്ചുതരികയാണ്: ഒന്നൊരു ദുർഭഗൻ–

‘ചോരച്ചൊരൊററക്കണ്ണും
കൊമ്പൻമീശയും കൂടി–
ച്ചേരുമദ്ദൗഷ്ട്യത്തിന്റെ
ചുണ്ടിലെപ്പൊഴും തത്തീ
അളിഞ്ഞ ശൃംഗാരത്തിൽ
കുതിർത്തു ചാലിച്ചുകൊ–
ണ്ടണിഞ്ഞ മൃദുഹാസം
കാമുകമ്മന്യത്വവും’

വർണനയ്ക്കു തിരഞ്ഞെടുക്കുന്ന പദങ്ങളിൽ അടിവരയിട്ടവ ശ്രദ്ധിക്കുക. ഇതേ വർണ്യങ്ങളെത്തന്നെ ഉദാത്തീകരിക്കുന്ന വിധം ഒരു വർണനയുണ്ട്. ഈ വരികളിലെ രൂപത്തെ പേക്കിനാവു കാണാതിരിക്കാൻ പാറു ധരിക്കുന്ന രക്ഷാ’ചിത്രം.

‘കറുത്തു കുനുത്തോരു മീശയും
സുഗംഭീര
സ്ഫുരദക്ഷികൾ ചിന്നു–
മുല്പല പുഷ്പങ്ങളും
സൗമനസ്യത്തിൻ പൈന്തേൻ
കിനിയും മൃദുഹാസ–
ത്തൂമുല്ലമാലച്ചാർത്തും– മർത്ത്യനല്ലൊരു ദേവൻ!’

ഈ ചിത്രത്തിന്റെ ആകർഷകതയിലേക്ക് പടരുമ്പോഴേക്കും രൂപകാസ്പദചിന്തയിൽ വന്ന മാററം ദർശനീയമത്രേ. പ്രാകൃതമനസ്സിന്റെ ചിന്താരീതിയിൽ ഒരംശം കൈമോശം വരാതെ കാത്തുപോരുന്ന കവിഹൃദയം കാഴ്ചവെക്കുന്ന ഒരു ഇന്ദ്രജാലം എന്നിതിനെ വിശേഷിപ്പിക്കാമെന്നു തോന്നുന്നു. ഒരേ വസ്തു തന്നെ ഒരിടത്തു രാക്ഷസീയമായി ഓടിമറിഞ്ഞും അടുത്ത ഞൊടിയിൽ മററൊരിടത്ത് പൊൻതിടമ്പായി കയററി എഴുന്നള്ളിക്കപ്പെട്ടും കാണുന്നത് കേവലം ഒരിന്ദ്രജാലകൗതുകം മാത്രവുമല്ല കൂടുതൽ അഗാധമായ ഒരു കാവ്യലക്ഷ്യം ഈ കൂടുവിട്ടു കൂടുമാറലിലുണ്ട്.

മൂന്നാമത്തേയും അവസാനത്തേതുമായ ഖണ്ഡത്തിൽ ആദ്യഖണ്ഡത്തിലെ രാശികളുടെ അധരോത്തരികരണമാണ് സംഭവിക്കുക. ഒന്നാം രംഗത്തിന്റെ മറുവശം; അതുകൊണ്ടുതന്നെ അതിന്റെ പൂരകവും, മലയാളത്തിൽ കാൽപ്പനിക പ്രസ്ഥാനത്തിൽനിന്ന് കുതറിപ്പോന്ന കവികളിൽ പൊതുവേ കാണുന്ന സ്വഭാവമാണ് ഈ മറുപുറവീക്ഷണം. ആഖ്യാനാത്മക കഥയും കഥാകൗതുകവും ഈ സ്വഭാവത്തോടൊപ്പം വരുന്നതുതന്നെ, ഒരേ വസ്തുവിന്റെ തന്നെ വിരുദ്ധഭാവങ്ങളെ അനുഭവിച്ച് ഐന്ദ്രിയാനുഭൂതി പൂർണമാക്കുന്ന ഈ പദ്ധതി ആധുനിക മനഃശാസ്ത്രത്തിനും സമ്മതം. നിതാന്ത ചലനസ്വഭാവിയും സ്വയം ക്രമീകരണക്ഷമവുമായ മനസ്സിന്റെ പ്രവൃത്തിയെ യുങ് മുതലായ മനഃശാസ്ത്രജ്ഞന്മാർ വിവരിക്കുന്നതിങ്ങനെയാണല്ലോ. ലിബിഡോ എന്ന് യുങ് വിളിക്കുന്ന ഈ മാനസികോർജം വിരുദ്ധകോടികളുടെ മധ്യേയാണ്, ഊഞ്ഞാലാട്ടത്തെ ഓർമിപ്പിക്കുംവിധം കൊമ്പോടുകൊമ്പു പകരുന്നത്. ഈ വിരുദ്ധകോടി ധനധ്രുവവും ഋണധ്രുവവും പോലെത്തന്നെ എന്നു പറഞ്ഞ് ഈ ഉപമ ഇവിടെ നിർത്താം.

തിരികെ കഥയിലേക്ക്-കള്ളക്കർക്കടകം കഴിഞ്ഞ് പൊന്നും ചിങ്ങം പോന്നുപിറന്നു. പുന്നെല്ലും പുത്തരിയും സ്വപ്നം കണ്ട പാറുവിന് കോവിലമ്മയുടെ വീട്ടിൽനിന്ന് കേൾക്കാൻ കഴിഞ്ഞത് ഇനി ജോലിയില്ല എന്ന വാർത്തയാണ്. കമ്പനി വന്നു; റോഡ് വന്നു. നാട് നഗരമാവുകയാണ്. പക്ഷേ, അവൾ പ്രതീക്ഷിച്ച വഴിക്കല്ല ആ പരിവർത്തനം വന്നുപെട്ടത്. ആ വിധി വിപര്യാസമാണ് മൂന്നാംഖണ്ഡത്തിലെ പ്രമേയം. ഈ കാവ്യത്തിലെ പ്രാരംഭപ്രകരണം തന്നെയും ഈ ഖണ്ഡത്തെ ഗർഭിതമാക്കിയിട്ടുണ്ട്. നോക്കുക:

‘അന്തിമായൊല്ലേ നീ പോയ് വീടെത്തും മുമ്പേ’ ചാരു–
മന്ദഹാസത്തോടെ തൻ വേലക്കാരിയെ വിട്ടു
നെല്ലുകുത്തിയ തളം തൂത്തുവാരലും തെല്ലു
കല്ലരി കൊഴിക്കലും കോവിലമ്മതാനേററു
പാറുവാ സ്നേഹോക്തിയും നുണച്ചിട്ടിറങ്ങുമ്പോൾ

മാറിയതായിത്തോന്നീ മൗഢ്യവും തളർച്ചയും
സ്വാമിനി സമ്മാനിച്ച പുഞ്ചിരിത്തെല്ലാകട്ടെ
കോൾമയിരുദിപ്പിക്കുമാളലായ്ത്തഞ്ചീ നെഞ്ചിൽ
തളിരിട്ടീടുന്നുണ്ടു തന്നുട, ലതിൻ നേർക്കൊ–
ട്ടൊളിവായ്പ്പതിക്കുന്നു ചുററിലും താക്കീതുകൾ.'

അനുകമ്പയും വാത്സല്യവും സംരക്ഷകഭാവവും ഉൾക്കൊണ്ട ഈ വരികളിലെ കോവിലമ്മയ്ക്ക് മൂന്നാം ഖണ്ഡത്തിൽ വന്നു ചേരുന്ന മാററം. ഈ അവസാനപാദത്തിലേ കൊടിനീട്ടിനിൽപ്പുണ്ട് എന്നർഥം. അവിടെ, ആയമ്മയ്ക്ക് പാറു അപരിചിതപോലെയായിപ്പോകുന്നു. അവളുടെ ദുഃഖം ആ അമ്മയ്ക്ക് കാണാനാവുന്നില്ല; അവരുടെ വർഗത്തിന്നും.

'മൃഷ്ടാന്നം ഭുജിക്കെന്നു ഗൃഹനായിക നിൽപ്പു–
ണ്ടൂട്ടുവാൻ– ഇറങ്ങുന്നില്ലെന്നവൾക്കു കുടിനീരും!'

അന്നു വല്ല 'കയ്യേററ'വും ഉണ്ടായോ എന്നാണോ അമ്മ സന്ദേഹിക്കുന്നത്. ആത്യന്തികമായ കയ്യേററം ആ അമ്മയ്ക്ക് മനസ്സിലാവുന്നില്ല. കാരണമറിഞ്ഞപ്പോഴോ? ഒരു സാധുവിന്റെ വ്യക്തിദുഃഖമല്ല, സമൂഹത്തിന്റെ ലാഭമാണവർക്കു പൊക്കിക്കാട്ടാനുള്ളത്,

'എന്തൊരു ലാഭം. നാട്ടാർ, ക്കെന്തെളുപ്പവുമായീ.
സ്വന്തമാമരിമില്ലിലമ്മേ'യ്ക്കഭിമാനം. ആയിരക്കണക്കിൽ വെള്ളിക്കാശെത്തുമ്പോൾ വാലിയക്കാരത്തിയുടെ കണ്ണീരുകൊണ്ട് കിടങ്ങ് നിറയ്ക്കാനോ? അൽപ്പം കൂടി മുമ്പോട്ടുപോയി ആ പ്രകരണം പൂർത്തീകരിക്കുന്നതു കാണുക:

'പറിച്ചിട്ടല്ലോ തന്നെക്കടവേരോടേ, തട്ടി–
പ്പറിച്ചാനെന്നെന്നേക്കും തന്നരിക്കിഴി ദേവൻ'

തളിർക്കലും പറിച്ചിടലും– ഒന്നാം ഖണ്ഡത്തിലെ രൂപകാസ്പദചിന്ത ഇതാ, ഇങ്ങോട്ടു നീണ്ടെത്തിയിരിക്കുന്നു. മുമ്പു കണ്ട ആ താരതമ്യചിത്രത്തിലെ ദേവനാണ് ഇവിടെ വിപരീതലക്ഷണയിൽ നിറംകെട്ടു നിൽക്കുന്ന 'ദേവൻ.' പണ്ടത്തെ ആ സ്നേഹത്തിന്റെ ഫലമായ തളിരിടലിന്റെ സ്വാഭാവികപരിണാമമായി ഇവിടെയിതാ കടവേരോടെ പറിച്ചിടൽ. ഇതിന്നും ഉണ്ട് ഒരു മറുപുറം. അതും കൂടിയാവുമ്പോഴേ ഈ സങ്കീർണചിത്രം പൂർണത നേടൂ.

'കോന്തലയ്ക്കരിക്കിഴി കെട്ടിയ മേൽമുണ്ടുപോയ്
ഭ്രാന്തത്തിപോലേയർദ്ധ നഗ്നയായ് മുടിപിന്നി
ഓടിപ്പോമവൾ കേട്ടാളസഹ്യം പിന്നിൽ തടി–
മാടനപ്പുമാൻ നിന്നു കൂക്കിടും ക്രൂരാരവം'

അന്ന് 'അരിക്കിഴി തട്ടിപ്പറിച്ചവൻ', അന്തിക്ക് ഹതാശയായി വീട്ടിലേക്ക് മടങ്ങുന്ന വഴിയിലുണ്ട്, കഴുകനെപ്പോലെ. ഇടശ്ശേരി അയാളെ ഇപ്പോൾ ഇങ്ങനെ ചിത്രീകരിക്കും.

'കഴുകൻ പോലുണ്ടപ്പോൾ
ച്ചാരെപ്പണ്ടാരാലരി–
ക്കിഴിയെക്കൊതിക്കാത്തോ–
രത്തട്ടിപ്പറിക്കാരൻ;
ചോരച്ചൊരൊററക്കണ്ണും
കൊമ്പൻമീശയും കൂടി
ച്ചേരുമാരൂപം– മാംസ–
മുളുത്തുകേറീടിലും
ചേതനകണ്ടു മഹോ–
ന്നതമായ്; തന്മാറിൽത്താൻ
ചേണററു വീണാൾ ബോധം
കെട്ടൊരാ വേലക്കാരി'

പെങ്ങൾ, പൂതപ്പാട്ട്, കാവിലെപാട്ട് എന്നിങ്ങനെ ഇടശ്ശേരിയുടെ വിളികൊണ്ട രചനകളിലെല്ലാം കാണാം ഈ പൊടിക്കൈകൾ. ആദർശവൽക്കരണമൊന്നും തൊട്ടുതെറിപ്പിക്കാതെതന്നെ സ്വഭാവചിത്രീകരണത്തിൽ വരുത്തിയ മാററം ശ്രദ്ധേയമാകുന്നു. 'പണ്ടാരാലരിക്കിഴിയെക്കൊതിക്കാത്തോൻ' എന്ന വിശേഷണം കേവലം സ്വാഭിപ്രായമായ ഒരു പരികരാലങ്കാരം മാത്രമല്ല, കൂടുതൽ ഭാവധ്വനികളുൾക്കൊണ്ടു നിൽക്കുന്ന ഒരു സങ്കീർണ വാങ്മയ ചിത്രമാണിത്. താൻ ദേവനാണെന്നു കരുതിയ ആൾ തന്റെ അരിക്കിഴി എന്നന്നേക്കുമായി തട്ടിപ്പറിച്ചെന്നുണർന്ന പാറുവിന്റെ പരിണാമം വിവരിക്കുന്ന സന്ദർഭത്തിലാണ് ഈ വിശേഷണം എന്നുമാത്രം ഓർത്താൽ മതിയല്ലോ അതിന്റെ പശ്ചാത്തലഭൂമി മുഴുവൻ തിളങ്ങുവാൻ.

ഐറണി എന്ന് പ്രസിദ്ധമായ ഈ മാതിരി വിപര്യാസങ്ങൾക്ക് മകുടം ചാർത്തുന്ന ഒന്ന് ഇക്കവിതയിലുണ്ട്. അതും ഈ മൂന്നാം ഖണ്ഡത്തിൽതന്നെ. പുന്നെല്ലും കിനാക്കണ്ട് പാറു വല്ലമട്ടിലും നാളുകൾ ഉന്തിത്തള്ളവേ, തന്നെ വാർധക്യത്തിൽ പോററാൻ മിടുക്കനായിത്തീരേണ്ട കൊച്ചനുജനെ സ്കൂളിലേക്കയക്കവേ, അക്കാലത്ത് നാട്ടിൻ പുറത്തേയ്ക്ക് റോഡ് വരികയായി.

‘പേടിയില്ലവൾക്കിനി, പ്പുന്നെല്ലുകേറും കാല-
മോടിയെത്തട്ടെ, കുററിക്കാടണിപ്പറമ്പിപ്പോൾ.
റോഡായീ; പോരാ, കൂററൻ കമ്പനി വെയ്ക്കുന്നു പോ-
ലീടുവെപ്പുകളില്ലേ? കോവിലമ്മതൻ പുത്രൻ!
നഗരമായാദ്ദേശം, കള്ളനും തെമ്മാടിയും
നരകക്കുഴി വേറെ നോക്കട്ടെ, നശിക്കട്ടെ.’

ആ നഗരം തന്റെ നരകക്കുഴിയാവാൻ പോവുന്ന വിവരം അവളറിഞ്ഞതേയില്ല! കമ്പനിപ്പടിക്കലൂടെ കൊററുമുട്ടിയ അവൾ നടന്നു പോരുമ്പോൾ.

‘കമ്പനിപ്പടിവിട്ടു നാലടി നീങ്ങും മുമ്പാ-
കമ്പിതസ്വാന്തം കേട്ടാൾ കൂക്കിടും ക്രൂരാരവം
ഇക്കുറി കുറച്ചേറെയുച്ചത്തിൽ, കുറച്ചേറെ
മുഷ്കരകണ്ഠത്തിൽ നിന്നാകണമിപ്പേവിളി’

‘ക്രൂരാരവം’ എന്ന പദം ആവർത്തനത്തിലൂടെ പരിണാമം പ്രാപിക്കുന്നത് ശ്രദ്ധിക്കുക. ആദ്യഖണ്ഡങ്ങളിൽ അരിക്കിഴി തട്ടിപ്പറിക്കാത്ത ഒരു തടിമാടന്റേതായിരുന്നു ആ ക്രൂരാരവം. അതിതാ, തന്റെ രക്ഷകനെന്നു താൻ ധരിച്ചുപോയ ‘ദേവൻ’ ഉയർത്തിയ കമ്പനിക്കുഴലിൽനിന്ന് പേവിളിയായുയരുന്നു. ഈ ആവർത്തനത്തിലുണ്ട് ഒരു വ്യവസ്ഥിതിയുടെ മുഴുവൻ വിധിപര്യാസകലുഷമായ കഥ! പരിവർത്തനത്തിൽ തട്ടിയുടഞ്ഞുപോയ എന്തിനേയോ ചൊല്ലിയുള്ള തേങ്ങലുകളെ മറയ്ക്കുമാറ് ഉച്ചത്തിൽ മുഴങ്ങുന്ന പേവിളി. ഈ പരിവർത്തനവുമായി ബന്ധപ്പെട്ട പദങ്ങളൊക്കെ ഒരേ രാശിയിൽ പെടുന്നവയാണ്. നോക്കുക-റോഡ്, റൈസ്മില്ല്, കമ്പനി, ബാൽക്കണി, (മുഢോമർക്കടോ ഗർദ്ദഭശ്ചൈക രാശി)

നഗരവൽകരണം ഈ കവിയെ പലപാട് ചിന്തിപ്പിച്ചിട്ടുണ്ട്. പുതുലോകത്തിന്റെ വിലപ്പെട്ട നേട്ടങ്ങളിലൊക്കെ അഭിമാനം തന്നെയുണ്ടദ്ദേഹത്തിന്. എന്നാലും എന്തോ നഷ്ടപ്പെടുന്നു എന്ന ബോധം ആ അഭിമാനത്തിലും പേൻകടിയായി അദ്ദേഹം അനുഭവിക്കുന്നു.

‘പിറവിതൊട്ടെൻ കൂട്ടുകാരിയാമ-
മ്മധുരിമ തൂകിടും ഗ്രാമലക്ഷ്മി
അകലേക്കകലേക്കകലുകയാം
അവസാനയാത്ര പറയുകയാം.’

നഗരവൽകരണവും തുടർന്നുണ്ടാവുന്ന യന്ത്രവൽകരണവും എവിടെച്ചെന്നു നിൽക്കും?

‘കളിയും ചിരിയും കരച്ചിലുമായ്
കഴിയും നരനൊരു യന്ത്രമായാൽ
അംബപേരാറേ നീ മാറിപ്പോമോ
ആകുലയാമൊരഴുക്കു ചാലായ്?’

നഷ്ടപ്പെടുന്ന ഗ്രാമങ്ങളെച്ചൊല്ലിയുള്ള ഈ വേവലാതി ഇടശ്ശേരിയുടെ പല കവിതകളിലും വിഷാദമയായ ഒരു ഗാനത്തിന്റെ പല്ലവിപോലെ ആവർത്തിച്ചു കേൾക്കാം. പുളിമാവു വെട്ടുമ്പോഴുള്ള ദുഃഖമായും വീണ്ടും വരുന്ന ഓണത്തെക്കുറിച്ചുള്ള ഓർമയായും വയലിന്റെ ചിത്രകാരനെച്ചൊല്ലിയുള്ള അഭിമാനമായും മാറി വരുന്നതൊക്കെ ഈ ‘ഗ്രാമാതുരത’ തന്നെയല്ലേ? ഇത് ഇടശ്ശേരിയുടെ ‘തനതു’വകയൊന്നുമല്ലതാനും. ഭാരതീയകവിമനസ്സിലെ നിത്യഹരിതമായ ഒരു ശാദ്വലസ്വപ്നമാണത്. ഇതിഹാസങ്ങളിൽ വനയാത്രകളും മഹാപ്രസ്ഥാനങ്ങളും മററുമായി ഈ വികാരം സ്പന്ദിക്കുന്നു. ഏതു നഗരപ്പേക്കിനാവിന്നിടയിലും വൃന്ദാവനത്തെക്കുറിച്ചുള്ള സ്വപ്നസങ്കൽപ്പം കൊണ്ടുനടക്കാൻ നമുക്ക് കഴിയുന്നു. കാളിദാസാദി കവിശ്രേഷ്ഠന്മാരുടെ കൃതികളിലുമുണ്ട് ഈ ഗ്രാമപ്രേമം. ആശ്രമങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും മടങ്ങുന്നത് അവിടെ പുണ്യവും ധന്യതയും നേടാനാണ്. നഗരത്തേയും അതിന്റെ കേന്ദ്രമായ കൊട്ടാരത്തേയും പൊള്ളുന്ന തീയായിക്കണ്ട കാവ്യകൽപ്പനകൂടി ഇവിടെ ഓർക്കാം. നളിനിയും ദിവാകരനും ലീലാമദനന്മാരുമെല്ലാം എത്തിച്ചേരുന്ന ഇടം നഗരങ്ങളിൽ നിന്നകന്ന വനഭൂമികളിലും ഗ്രാമീണരംഗങ്ങളിലും തന്നെയാണ്. ചുരുക്കത്തിൽ ഭാരതീയ സാഹിത്യത്തിലെമ്പാടും നിറഞ്ഞുനിൽക്കുന്ന ഒരു സംസ്കാരമാതൃക- Cultural Pattern- ആണ് ഇതെന്നു കാണാൻ കൗതുകമുണ്ട്. മുൻപ് സൂചിപ്പിച്ച വിരുദ്ധദ്വന്ദ്വങ്ങളുടെ അടിയിലുള്ള ഈ അധരവിതാനം ശ്രദ്ധേയമത്രേ. ഇവിടേക്ക് വേരിറങ്ങിച്ചെല്ലുമ്പോൾ വ്യക്തികളുടെ കഥകൾ ഒരു മ

ഹാസാമാന്യത്തിൽ ക്രോഡീകരിക്കപ്പെടുന്നു.

എന്നാൽ, ഈ സംസ്കാരപ്രരൂപത്തിനുമടിയിൽ മറ്റൊരു വിതാനം കൂടിയുണ്ട്. അത് സമൂഹത്തിലെ സാമ്പത്തികമായ വർഗീകരണത്തിന്റേതാണ്. സാമ്പത്തികമായി രണ്ടു ഭിന്നവർഗത്തിൽപ്പെട്ട പാറുവിന്റെയും കോവിലമ്മയുടെയും കഥ ഈ നഗരവൽകരണത്തിന്റെ പുതിയ വർഗസ്വഭാവവുമായി ക്കലർന്ന് കൂടുതൽ സങ്കീർണമായിത്തീരുന്നു. സമൂഹത്തിന്റെ രക്ഷകഭാവം കൈക്കൊള്ളുന്ന ദേവന്മാരായ കൊച്ചെജമാനന്മാർ മുഴുവനും 'ബൂർഷ്വാസി' എന്ന് സാമാന്യേന പറയപ്പെടാറുള്ള വർഗത്തിന്റെ പ്രതിനിധികളാണ്. ഉൽപ്പന്നങ്ങളും ഉൽപ്പാദനോപാദികളും കയ്യടക്കി സമൂഹത്തിന്റെ സാമ്പത്തിക രംഗം സ്വാർഥപരമായി കൈകാര്യം ചെയ്യുന്ന ഒരു വർഗത്തിന്റെ താവളമാണ് സമകാലികനഗരങ്ങൾ. നഗരങ്ങൾ പണ്ടും അങ്ങനെത്തന്നെ. എന്നാൽ, പ്രാചീനമധ്യകാലനഗരങ്ങൾക്കു സ്തുതിപാടിയവർ ചിലരുണ്ട്. നമ്മുടെ ചില ആദ്യകാലചമ്പുക്കളും സന്ദേശകാവ്യങ്ങളും മററും ഉദാഹരിക്കാം. അവയുടെ രചയിതാക്കളും ശ്രോതാക്കളും സമ്പന്നവർഗത്തിന്റെ പ്രാതിനിധ്യമുള്ളവർ തന്നെയായിരുന്നു. ആധുനികദശയിൽ സ്ഥിതിഗതികൾ ഗണ്യമായി മാറിമറിഞ്ഞു. ആ മാററം നഗരങ്ങളെക്കുറിച്ചും നാഗരികതയെക്കുറിച്ചുമുള്ള ആശയങ്ങളിലും പ്രതിഫലിച്ചു. 'നാട്യപ്രധാനം നഗരം ദരിദ്രം' എന്ന മട്ടിൽ കേവലം ഉപരിതലസ്പർശിയായിരുന്നു ഈ മാററം, ആദ്യകാലങ്ങളിൽ. ഇടശ്ശേരിയുടെ കാലമായപ്പോഴേക്ക് ആശയസംഹിതകളിലും മനുഷ്യബോധത്തിലും വന്നുചേർന്ന മാററം കാരണമായി നഗരങ്ങളെക്കുറിച്ചുള്ള ആശയങ്ങൾക്കും പരിവർത്തനമുണ്ടായി. ആ പരിവർത്തനം ഈ കവിതയിലും ഈ കവിയുടെ പല കവിതകളിലും മുഴങ്ങുന്നുണ്ട് എന്നാണ് പറഞ്ഞുവരുന്നത്. നഗരകവിതകളുടെ ഈ രാഷ്ട്രീയം അറിഞ്ഞില്ലെങ്കിൽ ഇതൊരു പരിവർത്തനവിമുഖമായ കവിതയായി തെററിദ്ധരിക്കപ്പെട്ടേക്കാം. ഈ രാഷ്ട്രീയം അറിഞ്ഞാലോ, നെല്ലുകുത്തുകാരി പാറുവിന്റെ കഥയും സമാനമായ പല രചനകളും അവയുടെ സാമൂഹ്യകതാസ്പദം കൊണ്ട് കൂടുതൽ ഹൃദ്യവും അനുഭവവേദ്യവും ആയിത്തീരുകയും ചെയ്യും